**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2100** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗവ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | **Smt. K. K .Shailaja Teacher**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ കോവിഡ് നിയന്ത്രണ വിഭാഗം പുറത്തുവിട്ട കണക്കനുസരിച്ച് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം രോഗവ്യാപനത്തിൽ മുൻനിരയിലാണെന്ന സൂചനയുണ്ടോ; | (എ) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രാലയത്തിന്റെ (MoHFW) ഔദ്യോഗിക വെബ്സൈറ്റിലെ രേഖകൾ പ്രകാരം 17.01.2021 ൽ ആകെ രോഗികളുടെ എണ്ണത്തിൽ മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാ പ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ പുറകിലാണ്. രോഗവ്യാപന നിരക്ക് ദിവസേന സ്വാഭാവികമായും വ്യത്യാസപ്പെട്ടു കൊണ്ടിരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. 17.01.2021 ലെ കണക്കു പ്രകാരം ദേശീയതലത്തിൽ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 5.65 % ആയിരിക്കെ കേരളത്തിലെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 9.56% ആണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അതേ സമയം കേരളത്തിൽ ഒരു ദശലക്ഷം പേരിൽ 253923 പേരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കുമ്പോൾ ദേശീയതലത്തിൽ 135574 പേരെ മാത്രമാണ് കോവിഡ് പരിശോധന നടത്തുന്നത്. അതായത് കേരളത്തിലെ കോവിഡ് പരിശോധനാ നിരക്ക് ദേശീയ നിരക്കിനേക്കാൾ വളരെ കൂടുതലാണ്. |
| (ബി) | ദേശീയ തലത്തിൽ 2.24 ശതമാനം എന്ന നിരക്കിലേക്ക് രോഗവ്യാപനം കുറഞ്ഞപ്പോൾ ഇതേ കാലയളവിൽ കേരളത്തിൽ ഇത് 9.4 ശതമാനത്തിൽ നിന്ന് 10 ശതമാനത്തിലേക്ക് ഉയരുകയുണ്ടായോ; | (ബി) | കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രാലയത്തിന്റെ (MoHFW) ഔദ്യോഗിക വെബ്സൈറ്റിലെ രേഖകൾ പ്രകാരം 17.01.2021 ൽ ആകെ രോഗികളുടെ എണ്ണത്തിൽ മഹാരാഷ്ട്ര, കർണ്ണാടക, ആന്ധ്രാ പ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ പുറകിലാണ്. രോഗവ്യാപന നിരക്ക് ദിവസേന സ്വാഭാവികമായും വ്യത്യാസപ്പെട്ടു കൊണ്ടിരിക്കുന്നതായാണ് കാണാൻ കഴിയുന്നത്. 17.01.2021 ലെ കണക്കു പ്രകാരം ദേശീയതലത്തിൽ കോവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 5.65 % ആയിരിക്കെ കേരളത്തിലെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 9.56% ആണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അതേ സമയം കേരളത്തിൽ ഒരു |

| | | | |
|---|---|---|---|
| | | | ദശലക്ഷം പേരിൽ 253923 പേരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കുമ്പോൾ ദേശീയതലത്തിൽ 135574 പേരെ മാത്രമാണ് കോവിഡ് പരിശോധന നടത്തുന്നത്. അതായത് കേരളത്തിലെ കോവിഡ് പരിശോധനാ നിരക്ക് ദേശീയ നിരക്കിനേക്കാൾ വളരെ കൂടുതലാണ്. |
| (സി) | മാർച്ച് 28-ന് എറണാകുളത്ത് ആദ്യ മരണം റിപ്പോർട്ട് ചെയ്ത ശേഷം കഴിഞ്ഞ 9 മാസത്തിനിടയ്ക്ക് സംസ്ഥാനത്ത് ഔദ്യോഗിക കണക്ക് പ്രകാരം മൂവായിരത്തിൽ അധികവും അനൗദ്യോഗിക കണക്ക് പ്രകാരം അയ്യായിരത്തിൽ അധികവും കോവിഡ് മരണം സംഭവിക്കുകയുണ്ടായോ; | (സി) | ഔദ്യോഗിക കണക്കുകൾ പ്രകാരം 17.01.2021 വരെ 3463 പേർ കോവിഡ് രോഗം മൂലം കേരളത്തിൽ മരണപ്പെടുകയുണ്ടായി. |
| (ഡി) | ഈ സാഹചര്യത്തിൽ കേരളത്തിൽ എന്നു മുതൽ കോവിഡ് വാക്സിൻ പൊതുജനങ്ങൾക്ക് ലഭ്യമായി തുടങ്ങും എന്നറിയിക്കാമോ? | (ഡി) | കേരളത്തിൽ 16.01.2021 മുതൽ ആരോഗ്യപ്രവർത്തകർക്ക് കോവിഡ് വാക്സിനേഷൻ നൽകുവാൻ ആരംഭിച്ചു. തുടർന്ന് കോവിഡ് മുൻ നിരയിലെ മറ്റു പ്രവർത്തകർക്കും അതിനെ തുടർന്ന് 50 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും, 50 വയസ്സിൽ താഴെയുള്ള ജീവിതശൈലീ രോഗബാധിതർക്കും മാർഗ്ഗ രേഖകൾക്കനുസൃതമായി കോവിഡ് വാക്സിൻ നൽകുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ